# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*410      20.07.2015 -ലെ മറുപടിയ്ക്ക്

## വിദൂര വിദ്യാഭ്യാസ കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, റ്റി.എ.അഹമ്മദ് കബീർ<br>,, പി.ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ കാര്യത്തിൽ സമീപകാലത്ത് യു.ജി.സി. സ്വീകരിച്ച കർശന നിലപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നടപടി സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെ വിദൂരവിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | സർവ്വകലാശാല നിയമത്തിൽ പരാമർശിച്ചിട്ടുള്ള അധികാര പരിധിയ്ക്ക് പുറത്ത് പ്രവർത്തിക്കുന്ന വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ അടച്ചുപൂട്ടണമെന്ന യു.ജി.സി. യുടെ നിർദ്ദേശത്തെത്തുടർന്നാണ് ഈ സെന്ററുകൾ അടച്ചുപൂട്ടാൻ സർക്കാർ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയത്. കാലിക്കറ്റ് സർവ്വകലാശാലയുടെ വിദേശത്ത് പ്രവർത്തിക്കുന്ന വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ അടയ്ക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. യു.ജി.സി. യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സെന്ററുകൾ വിദ്യാഭ്യാസ നിലവാര തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്നതിനാലാണ് യു.ജി.സി. പ്രവർത്തനാനുമതി നിഷേധിച്ചിട്ടുള്ളത്. |
| (സി) | സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ വിദൂര വിദ്യാഭ്യാസം സംബന്ധിച്ച | (സി) | യു.ജി.സി. യുടെ മാനദണ്ഡമനുസരിച്ചാണ് വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ നടത്തിയിരുന്നതെന്നും വിദൂര |

| | | | |
|---|---|---|---|
| | ചട്ടങ്ങൾ ഒരേ രീതിയിലുള്ളതാണോ : അവ യു. ജി. സി. മാനദണ്ഡങ്ങൾക്കനുസൃതമായിരുന്നോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ? | | വിദ്യാഭ്യാസ ബ്യൂറോയുടെ അംഗീകാരം ഇല്ലാതെ നടത്തിയിരുന്ന 5 കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും കേരള സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. യു.ജി.സി. യുടെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഓഫ് കാമ്പസ് സെന്ററുകൾ പ്രവർത്തിച്ചിരുന്നതെന്ന് കണ്ണൂർ, മഹാത്മാഗാന്ധി സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. എന്നാൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വിദൂരവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ബഹു. ചാൻസലർ ടി കേന്ദ്രങ്ങൾ അടച്ചുപൂട്ടാൻ നിർദ്ദേശിക്കുകയും പ്രസ്തുത ഉത്തരവ് സർവ്വകലാശാല നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല എന്നിവ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ